# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5382 — 26.03.2018-ൽ മറുപടിയ്ക്ക്

### കോതമംഗലം താലൂക്കിലെ വിവിധ വില്ലേജുകളിലെ ഭൂമിയുടെ താരിഫ് വില

| ചോദ്യം: | | മറുപടി: |
|---|---|---|
| ശ്രീ.ആന്റണി ജോൺ | | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) കോതമംഗലം താലൂക്കിലെ ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ താരിഫ് വില തൊട്ടടുത്ത വില്ലേജുകളിലേയും മുൻസിപ്പൽ ടൗണിലെയും താരിഫ് വിലയുടെ അഞ്ചിരട്ടിയായി നിശ്ചയിച്ചിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) പൊതുമരാമത്ത് റോഡിൽ നെല്ലിക്കുഴി പഞ്ചായത്തിലെ തൃക്കാരിയൂർ വില്ലേജിൽ താരിഫ് വില 45,000/-രൂപയും ഇരമല്ലൂരിൽ 4.5 ലക്ഷം രൂപയും ആണെന്നതും പഞ്ചായത്ത് റോഡിൽ തൃക്കാരിയൂർ വില്ലേജിൽ താരിഫ് വില 37,500/-ഉം ഇരമല്ലൂർ വില്ലേജിൽ 2.25 ലക്ഷം രൂപയുമാണെന്നുള്ളതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) നിലവിലെ താരിഫ് വില നിശ്ചയിക്കുന്നതിന് മുൻപ് മേൽ പ്രസ്താവിച്ച തൃക്കാരിയൂർ, ഇരമല്ലൂർ വില്ലേജുകളിലെ താരിഫ് വില എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും | ഭൂമിയുടെ ന്യായവില 2010-മുതൽക്കാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. ന്യായവില നിലവിൽ വരുന്നതിന് മുൻപ് താരിഫ് വില നിശ്ചയിച്ചിരുന്നില്ല. |
| (ഡി) കോതമംഗലം താലൂക്കിലെ വിവിധ വില്ലേജുകളിലെ ഭൂമിയുടെ നിലവിലെ താരിഫ് വിലയും, മുൻപുള്ള താരിഫ് വിലയും എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ; | | |
| (ഇ) കോതമംഗലം താലൂക്കിലെ മറ്റ് വില്ലേജുകളെ അപേക്ഷിച്ച് ഇരമല്ലൂർ വില്ലേജിൽ വന്നിട്ടുള്ള താരിഫ് വിലയുടെ മാറ്റം പുനർനിശ്ചയിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കാമോ? | (ഇ) | കോതമംഗലം താലൂക്കിലെ മറ്റ് വില്ലേജുകളെ അപേക്ഷിച്ച് ഇരമല്ലൂർ വില്ലേജിൽ വന്നിട്ടുള്ള താരിഫ് വിലയുടെ മാറ്റം പുനർ നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

BN